(ബി) സർക്കാർ അനുമതി നൽകിയ വർദ്ധനവിനേക്കാൾ കൂടുതൽ നിരക്കിൽ ചില പഞ്ചായത്തുകൾ നികുതി ഈടാക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു ; വിശദമാക്കാമോ ;

(സി) നികുതി വർദ്ധനവ് പൊതുജനങ്ങൾക്ക് കനത്ത സാമ്പത്തിക ഭാരം ഉണ്ടാക്കുന്ന സാഹചര്യത്തിൽ വർദ്ധനവ് പുനഃപരിശോധിക്കുന്നതിനും പിൻവലിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒറ്റപ്പെട്ട ചില പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികൾ അതിന്റെ സ്വഭാവം അനുസരിച്ച് പരിഹരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ച് 14-1-2011-ലെ സ.ഉ.(അ) നമ്പർ 19/2011/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ നിരക്കുകൾ പ്രകാരമാണ് നികുതി ഗ്രാമപഞ്ചായത്തുകൾ ഈടാക്കുന്നത്.

(സി) ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നികുതി ഏറ്റവും ഒടുവിൽ പരിഷ്കരിച്ചത് 1993-94 കാലഘട്ടത്തിലാണ്. പിന്നീട് കേരള പഞ്ചായത്ത് രാജ് ആക്ട്/കേരള മുൻസിപ്പൽ ആക്ട് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ഭേദഗതി ചെയ്ത് 14-1-2011-ൽ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. സർക്കാർ വിജ്ഞാപനം ചെയ്ത നികുതി നിരക്കുകൾ പ്രത്യേകിച്ചും ഗാർഹികേതര കെട്ടിടങ്ങളുടെ കാര്യത്തിൽ വളരെ കൂടുതലാണെന്ന പരാതിയെ തുടർന്ന് 2013-ൽ ടി ചട്ടങ്ങൾ ഭേദഗതി ചെയ്യുകയുണ്ടായി. പ്രസ്തുത ഭേദഗതി ചട്ടങ്ങളിൽ അടിസ്ഥാന വസ്തു നികുതിയിൽ വർദ്ധനവ് വരുത്തുന്നതിനായി കണക്കാക്കിയിരുന്ന പല ഘടകങ്ങളും ഒഴിവാക്കിയിട്ടുണ്ട്. അതനുസരിച്ച് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സഞ്ചയ സോഫ്റ്റ്വെയർ ഉപയോഗിച്ച് ഇളവുകൾ നൽകിക്കൊണ്ടുള്ള വസ്തുനികുതി പരിഷ്കരണ നടപടികൾ ഗ്രാമപഞ്ചായത്തുകളിൽ അന്തിമഘട്ടത്തിലാണ്.

അട്ടപ്പാടിയിലെ എസ്.സി.പി.ടി. എസ്.പി. ഫണ്ട്

242 (3220) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ 3 ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തിലും കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ എസ്.സി.പി. ടി.എസ്.പി. ഫണ്ട് വിനിയോഗം എത്ര ശതമാനമായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നാല് സ്ഥാപനങ്ങളിലും കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ എസ്.സി.പി. ടി.എസ്.പി. ഫണ്ടുകൾ എത്രയായിരുന്നു ; അതിൽ എത്ര രൂപയാണ് ഓരോ വർഷവും ചെലവഴിച്ചത് ;

(സി) ഈ നാല് സ്ഥാപനങ്ങളും കഴിഞ്ഞ മൂന്ന് വർഷമായി എസ്.സി.പി., ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ എതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഫണ്ട് വിനിയോഗം ഫലപ്രദമായിരുന്നോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഇൻഫർമേഷൻ കേരള മിഷൻ

243 (3221) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷനിലെ (ഐ.കെ.എം.) ജീവനക്കാരുടെ സർവ്വീസ് റൂൾസ്, സ്റ്റാഫ് ഘടന, ശമ്പള പരിഷ്കരണം തുടങ്ങിയവ നടപ്പിലാക്കുന്നതിനായി കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് നിയമിച്ചത് ;

(ബി) കമ്മിറ്റി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത് ; റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ ;

(സി) റിപ്പോർട്ട് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്യുന്ന കാര്യം പരിഗണിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) റിപ്പോർട്ട് സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 4-12-2013-ലെ സ.ഉ.(സാധാ) നമ്പർ 2971/2013/തസ്വഭവ ഉത്തരവ് പ്രകാരമാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. 30-9-2014-ലാണ് പ്രസ്തുത കമ്മിറ്റി സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. സർക്കാർ ടി. റിപ്പോർട്ട് പരിശോധിച്ച വരികയാണ്. ആയതിന്റെ അംഗീകാരത്തിനു ശേഷം മാത്രമേ ടി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly